ഉത്തരം

(എ) ഉണ്ട്. 1994-ാം ആണ്ടിലെ കേരള നഗരപാലിക ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്കരണം എന്നിവ നടപ്പിലാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സഹായവും തയ്യാറാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും നഗരസഭകൾക്ക് നൽകിവരുന്നു.

(ബി) മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ചീഞ്ഞളിയുന്ന മാലിന്യങ്ങൾ (ബയോഡീഗ്രേഡബിൾ മാലിന്യങ്ങൾ) ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കുന്നുകൂടി ഉണ്ടാകുന്ന പകർച്ചാവ്യാധികൾ തടയുക, പൊതുനിരത്തുകൾ വൃത്തിയായി സൂക്ഷിക്കുക, വൻനഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ടിതമായ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) വൻനഗരങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റുകളിൽ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, ഇൻസിനറേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരത്ത് ചാലയിലും കൊച്ചിയിൽ ബ്രഹ്മപുരത്തും സ്ഥാപിക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ യഥാക്രമം കെ.എസ്.ഐ.ഡി.സി.-യെയും കൊച്ചി നഗരസഭയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

നഗരസഭകൾക്ക് ഗ്രേഡിംഗ്

63 (7360) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് ഗ്രേഡിംഗ് നിലവിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഗ്രേഡിംഗ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) നഗരസഭകളുടെ നിലവിലുള്ള ഗ്രേഡിംഗ് ഉയർത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരസഭകൾക്ക് ആവശ്യമായ ജീവനക്കാരെ ലഭിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കാനുമായി ഗ്രേഡിംഗിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. സംസ്ഥാനത്തുള്ള നഗരസഭകളുടെ ഗ്രേഡ് തിരിച്ചുള്ള വിവരം ഇപ്രകാരമാണ്.

മുനിസിപ്പൽ കോർപ്പറേഷനുകൾ - 5

ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 13

രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 22

മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 25

(ബി) നഗരസഭകളുടെ തനത് ഫണ്ടിനത്തിലുള്ള വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നടത്തിയിട്ടുള്ളത്.

(സി&ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ

64 (7361) ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത സംവിധാനംവഴി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള കാലതാമസം എത്രമാത്രം ഒഴിവാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും 1-7-2014 മുതൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർവഴിയാണ് ഈ സേവനം ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly